**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 377** **04-10-2021 - ൽ മറുപടിയ്ക്ക്**

**കാക്കനാട്ടെ അപ്പാർട്ട്മെന്റിൽ ലഹരിപദാർത്ഥങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ , ശ്രീ. കെ. പി. എ. മജീദ്, ശ്രീ . മഞ്ഞളാംകുഴി അലി , പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം കാക്കനാട്ടെ അപ്പാർട്ട്മെന്റിൽ നിന്നും ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന രാസ ലഹരിപദാർത്ഥങ്ങൾ പിടിച്ചെടുത്ത സംഭവത്തിൽ ചില പ്രതികളെ ഒഴിവാക്കിയിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | എറണാകുളം റേഞ്ചിലെ NDPS CR.36/2021, 38/2021 എന്നീ കേസുകളുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ആദ്യഘട്ടത്തിൽ റിക്കാർഡുകൾ തയ്യാറാക്കിയ എക്സൈസ് ഇൻസ്പെക്ടർ 7 പ്രതികളിൽ രണ്ടുപേരെ മതിയായ അന്വേഷണം നടത്താതെ വിട്ടയച്ചിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ഇതേത്തുടർന്ന് പ്രസ്തുത കേസിന്റെ അന്വേഷണ ചുമതല എക്സൈസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയും, വിട്ടയയ്ക്കപ്പെട്ട ഒരാളെയും മറ്റ് മൂന്നുപേരെയും കൂടി കേസിൽ പ്രതികളായി അറസ്റ്റു ചെയ്ത് നിയമാനുസരണമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ഫ്ലാറ്റിൽ നിന്നും രണ്ടുതവണയായി ലഹരിപദാർത്ഥങ്ങൾ പിടിച്ചെടുത്ത സംഭവം ഒറ്റ കേസ് ആക്കണമെന്ന നിർദേശം അവഗണിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കണ്ടെത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ കുറ്റക്കാരായവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ? | (സി) | കേസ് നടപടികളിൽ വീഴ്ച വരുത്തിയ എക്സൈസ് ഇൻസ്പെക്ടറെ അച്ചടക്ക നടപടിക്കു വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും എക്സൈസ് പ്രിവന്റീവ് ഓഫീസറെയും രണ്ട് സിവിൽ എക്സൈസ് ഓഫീസർമാരെയും ജില്ലവിട്ട് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. മേൽനോട്ടത്തിൽ വീഴ്ച വരുത്തിയ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെയും ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ട്. വിശദമായ വകുപ്പുതല അന്വേഷണത്തിന് ജോയിന്റ് എക്സൈസ് കമ്മീഷണർ (ഐ.ബി)യെച്ചുമതലപ്പെടുത്തിയിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ